ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മറുപടി അനുബന്ധമായി ചേർത്തിട്ടുണ്ട്.*

മിഷൻ 676-ൽ ഉൾപ്പെടുത്തി എല്ലാവർക്കും കുടിവെള്ളം

227 (935) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി എല്ലാവർക്കും കുടിവെള്ളം ലഭിക്കുന്നതിന് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദവിവരം നൽകുമോ ;

(ബി) എന്തെല്ലാം പദ്ധതികളാണ് പ്രസ്തുത പദ്ധതി മുഖേന നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പദ്ധതികൾ സംബന്ധിച്ച രൂപരേഖ തയ്യാറാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം ;

(ഡി) ഈ പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. നിലവിൽ പണി നടന്നുകൊണ്ടിരിക്കുന്ന ചെറുതും വലുതുമായ 154 കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കാനാണ് മിഷൻ 676-ൽ കേരള വാട്ടർ അതോറിറ്റി ലക്ഷ്യമിടുന്നത്. (ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു).* കുടിവെള്ള വിതരണം സുഗമമാക്കാൻ ഭൂജല വകുപ്പിന്റെ ആഭിമുഖ്യത്തിൽ മഴവെള്ള സംഭരണം (100 എണ്ണം), തടയണ (10 എണ്ണം), അടിയണ (1) കുഴൽകിണർ/ടൃബുവെല്ലിന്റെ നിർമ്മാണം (936 എണ്ണം), ഹാൻഡ് പമ്പ് സ്കീം (629 എണ്ണം), ചെറുകിട കുടിവെള്ള പദ്ധതികൾ (859 എണ്ണം) എന്നിവ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ, തെരഞ്ഞെടുക്കപ്പെട്ട 100 പഞ്ചായത്തുകളിൽ കിണർ റീചാർജ്ജ് ചെയ്യുന്നതിനുള്ള പദ്ധതിയുടെ രൂപരേഖ സി.സി.ഡി.യു-വിന്റെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

നേതൃത്വത്തിൽ തയ്യാറാക്കിയിട്ടുണ്ട്. മഴക്കാലത്ത് വെള്ളത്തെ കിണറുകളിലേക്ക് കടത്തിവിട്ട് കിണറിന്റെ ജലശേഷി വർദ്ധിപ്പിക്കുകയും വേനൽക്കാലത്ത് പ്രയോജനപ്പെടുത്താനുള്ള സാഹചര്യം ഒരുക്കുകയുമാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്.

(സി) മിഷൻ 676 പദ്ധതി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെ ശേഷിക്കുന്ന 676 ദിവസങ്ങൾക്കുള്ളിൽ പൂർത്തീകരിക്കാൻ കഴിയുന്ന പദ്ധതികളെ സംബന്ധിച്ച് ഒരു അവലോകന യോഗം വിളിച്ചുകൂട്ടുകയും ആയതുപ്രകാരം പദ്ധതികളെ ജില്ല തിരിച്ച് 100 ദിവസം, 101-200, 201-300, 301-400, 401-500, 501-676 എന്ന ക്രമത്തിൽ തരംതിരിച്ച് പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള കർമ്മ പദ്ധതി തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ലക്ഷ്യമിട്ട എല്ലാ ജലനിധി പദ്ധതികളും ഗുണഭോക്തൃ സംഘങ്ങളും, ഗ്രാമപഞ്ചായത്തും, ഗ്രാമ പഞ്ചായത്തുകളെ സഹായിക്കാനായി നിയോഗിച്ചിട്ടുള്ള സഹായസംഘടനയും ജലനിധിയുടെ ഉദ്യോഗസ്ഥരും ചേർന്ന് രൂപരേഖ തയ്യാറാക്കുന്നു.

(ഡി) കേരള വാട്ടർ അതോറിറ്റിയിൽ ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ചെറുതും വലുതുമായ കുടിവെള്ള പദ്ധതികൾ അടിയന്തരമായി പൂർത്തീകരിക്കാൻ വേണ്ടി കേരള വാട്ടർ അതോറിറ്റിയുടെ വിവിധ തലങ്ങളിൽ അവലോകന യോഗങ്ങൾ കൂടുകയും തടസ്സങ്ങൾ നീങ്ങുന്നതിനായി നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഇതിനുപുറമേ മാനേജിംഗ് ഡയറക്ടറുടെ നേതൃത്വത്തിൽ വിവിധ ഓഫീസർമാർ PASK (Project Alert System) സംവിധാനത്തിലൂടെയും വീഡിയോ കോൺഫറൻസിലൂടെയും പദ്ധതിയുടെ പുരോഗതികൾ വിലയിരുത്തി പദ്ധതികൾ പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു. ഇതിന്റെ ഭാഗമായി മിഷൻ 676-ൽ ഉൾപ്പെടുത്തി കർമ്മ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ലക്ഷ്യമിട്ട എല്ലാ ജലനിധി പദ്ധതികളുടെയും പുരോഗതി വിലയിരുത്തുന്നതിന് എല്ലാ ഗ്രാമപഞ്ചായത്തിലും ജലനിധി ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്. കൂടാതെ മേഖലാതലത്തിലും പഞ്ചായത്തുതലത്തിലും സംസ്ഥാനതലത്തിലും പദ്ധതി പുരോഗതി വിലയിരുത്തി ആവശ്യമായ തുടർനടപടി സ്വീകരിക്കുന്നു.

MIRPA - ചിറ്റാരിക്കടവ് റഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതി

228 (936) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി മണ്ഡലത്തിലെ MIRPA-ചിറ്റാരികടവ് റഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതിയുടെ ഭരണാനുമതിക്കായുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly